By Rgd with A/D

തിരുവനന്തപുരം ജലസേചനവും ഭരണവും
ചീഫ് എഞ്ചിനീയറുടെ നടപടിക്രമം
(ഹാജർ- ശിവദാസൻ.എം. )

വിഷയം : ജലസേചനം - വിജിലൻസ് - ശ്രീ.അരുൺകുമാർ.എം, അസിസ്റ്റന്റ് എഞ്ചിനീയർ, എറണാകുളം, മൈനർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ - ശൂന്യവേതനാവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കാത്തത്- സർവ്വീസിൽ നിന്നും നീക്കം ചെയ്യ്ടിയാനെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ച് കൊണ്ട്- ഉത്തരവാകുന്നു.

പരാമർശം: 1) ഭരണ വിഭാഗത്തിന്റെ 27.01.2022 – ലെ എ3-6458/2014 നമ്പർ അനൗദ്യോഗിക കുറിപ്പും ഉള്ളടക്കവും.
2) തിരുവനന്തപുരം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ 02.12.2022- ലെ CEIA /227/2022-VIG2 നമ്പർ കുറ്റപത്രവും കുറ്റാരോപണപത്രികയും
3) മാധ്യമംപത്രം എറണാകുളം എഡിഷനിൽ നൽകിയ 04.11.2023 ലെ Appendix H5 വിന്റോ പരസ്യം
4) 09.04.2024 തിയതിയിലെ ഔപചാരിക അന്വേഷണ റിപ്പോർട്ട്
5) 07.06.2024 തിയതിയിലെ CEIA /227/2022-VIG2 (5) നമ്പർ കാരണം കാണിക്കൽ നോട്ടീസ്

<u>ഉത്തരവ് നമ്പർ CEIA / 227 / 2022 / VIG.2 (5 ) തീയതി 02-09-2024</u>

ശ്രീ. അരുൺകുമാർ.എം. എന്ന താങ്കൾ എറണാകുളം, മൈനർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ കാര്യാലയത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറായി ജോലി നോക്കി വരവെ, താങ്കൾക്ക് ചുവടെ ചേർക്കുന്ന ഉത്തരവുകൾ പ്രകാരം KSR Part I – ലെ Appendix XII A അനുസരിച്ചുള്ള 10 വർഷത്തെ ശൂന്യ വേതനാവധി അനുവദിച്ചിരുന്നു.

1) 30.09.2014 ലെ G.O(Rt) No. 936/2014/WRD പ്രകാരം 5 വർഷം ( 12.08.2011 മുതൽ 11.08.2016 വരെ)
2) 30.07.2016-ലെ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) യുടെ എ3/6458/14 നമ്പർ ഉത്തരവ് പ്രകാരം 5 വർഷം ( 12.08.2016 മുതൽ 11.08.2021 വരെ )

പ്രസ്തുത അവധി കാലയളവിന് ശേഷം 12.08.2021-ന് താങ്കൾ ജോലിയിൽ പുനഃപ്രവേശിക്കേണ്ടതായിരുന്നു. എന്നാൽ പ്രസ്തുത തീയതിയിൽ താങ്കൾ ജോലിയിൽ ഹാജരാകാതിരിക്കുന്നതിന് താങ്കൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ പരാമർശം (1) പ്രകാരം ഭരണ വിഭാഗം അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശിപാർശ ചെയ്തിരുന്നു.

പ്രസ്തുത സാഹചര്യത്തിൽ താങ്കൾക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കാതിരിക്കുവാൻ കാരണം ഉണ്ടെങ്കിൽ കാണിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (2) പ്രകാരം രജിസ്റ്റേർഡ് തപാലിൽ കുറ്റപത്രവും കുറ്റാരോപണ പത്രികയും താങ്കളുടെ ലഭ്യമായ മേൽവിലാസത്തിൽ നൽകിയിരുന്നു. ആയത് കൈപറ്റി എന്ന Postal acknowledgment ലഭിച്ചുവെങ്കിലും, താങ്കൾ കൈപ്പറ്റ് പ്രതിയോ, പ്രതിവാദ പത്രികയോ സമർപ്പിച്ചിരുന്നില്ല.

തുടർന്ന് 19/10/2023 -ൽ Appendix H4- ലെ നോട്ടീസ് ജലസേചന വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസദ്ധീകരിക്കുകയും, ആയതിന് 15 ദിവസത്തിനുള്ളിൽ മറുപടി നൽകുവാൻ ആവിശ്യപ്പെട്ടുകയും ചെയ്തിരുന്നു. അതോടൊപ്പം Appendix H5 നോട്ടീസ് എറണാകുളം ജില്ലയിൽ പ്രചാരമുള്ള മാധ്യമം ദിനപത്ര എഡിഷനിൽ 04.11.2023-ൽ വിന്റോ പരസ്യം നൽകുകയും ചെയ്തിരുന്നു. ആയതിന് 15 (പതിനഞ്ച്) ദിവസങ്ങൾക്കുള്ളിൽ മറുപടി സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ അതിന് ശേഷവും താങ്കളിൽ നിന്നും യാതൊരു മറുപടിയും ലഭ്യമാകാത്ത സാഹചര്യത്തിൽ ഇക്കാര്യത്തിൽ താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്കായി 19.04.2024 തിയതിയിലെ ഇതേ നമ്പർ ഉത്തരവ് പ്രകാരം ഈ കാര്യാലയത്തിലെ സീനിയർ സൂപ്രണ്ടായ ശ്രീ.മുജീബ് ഇ.എം. -നെ ചുമതലപ്പെടുത്തിയിരുന്നു. പരാമർശം (4) പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിൽ 05.04.2024 തിയതിയിൽ താങ്കളുടെ ലഭ്യമായ മേൽ വിലാസത്തിൽ അന്വേഷണം നടത്തുകയും, അന്വേഷണത്തിൽ താങ്കൾ ചെന്നൈയിൽ മൾട്ടി നാഷണൽ കമ്പനിയിൽ ജോലി ചെയ്ത് വരികയാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതോടൊപ്പം അന്വേഷണ ഉദ്യോഗസ്ഥൻ താങ്കളെ ഫോൺ മുഖാന്തിരം ബന്ധപ്പെട്ടപ്പോൾ തിരികെ സർക്കാർ സർവ്വീസിൽ പ്രവേശിക്കുവാൻ താല്പര്യമില്ലെന്ന് അറിയിക്കുകയും ചെയ്തിരുന്നു. ആയതിനാൽ ചട്ടപ്രകാരമുള്ള തുടർ നടപടികൾക്ക് അന്വേഷണ ഉദ്യോഗസ്ഥൻ ശിപാർശ ചെയ്തിരുന്നു.

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ യഥാസമയം സർവ്വീസിൽ പുനഃപ്രവേശിക്കാതെ അനധികൃതമായി ജോലിയിൽ നിന്നും വിട്ട് നിൽക്കുന്ന താങ്കളെ 12.08.2021 മുതൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാൻ താൽക്കാലികമായി തീരുമാനിച്ചുകൊണ്ട് പരാമർശം (5) പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസ് താങ്കളുടെ ലഭ്യമായ മേൽവിലാസത്തിൽ അയച്ചിരുന്നു. ആയത് കൈപ്പറ്റിയ Postal Acknowledgement ലഭിച്ചുവെങ്കിലും താങ്കൾ യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല.

പ്രസ്തുത സാഹചര്യത്തിൽ ചട്ട പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി ശ്രീ അരുൺകുമാർ.എം. -നെ 12.08.2021 മുതൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തിക്കൊണ്ട് താങ്കൾക്കെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ചുകൊണ്ട് ഉത്തരവാകുന്നു.

ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്:-

ശ്രീഅരുൺകുമാർ.എം.,
Krishna – 29/1117
Justice Lane, Vytilla – Kochi – 19

പകർപ്പ്

1) ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (അഡ്മിനിസ്ട്രേഷൻ)
2) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഐ.ടി. സെൽ, (വെബ് സൈറ്റിൽ പബ്ലിഷ് ചെയ്യുന്നതിന്)
3) സൂപ്ര. എഞ്ചിനീയർ മൈനർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ ,എറണാകുളം
4) വിജി.8 സീറ്റ്